ഭരണങ്ങാനത്തു വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനു പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ എന്നിവർ ചേർന്നു കൊടിയേറ്റുന്നു. വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ, അൽഫോൻസാ തീർഥാടന കേന്ദ്രം റെക്ടർ ഫാ. ജോസ് വള്ളോംപുരയിടത്തിൽ, ഭരണങ്ങാനം സെന്റ് മേരീസ് ഫെറോന പള്ളി വികാരി ഫാ. അഗസ്റ്റിൻ കൊഴുപ്പൻകുറ്റി, ഫാ. ജോസഫ് വാട്ടപ്പള്ളിൽ, ഫാ. മാത്യു കുരിശുംമൂട്ടിൽ, ഫാ. ഏബ്രഹാം തകടിയേൽ തുടങ്ങിയവർ സമീപം. - ദീപിക.

ഇന്നലെ പെയ്തത് ഗംഭീരമഴ

കോട്ടയം: ഇന്നലെ പെയ്തത് ഇക്കൊല്ലത്തെ ഏറ്റവും ഉയർന്ന തോത് മഴ. വ്യാഴാഴ്ച രാവിലെ മുതൽ ഇന്നലെ രാവിലെ വരെ 83 മില്ലീമീറ്റർ മഴ ലഭിച്ചു. ബുധനാഴ്ച ലഭിച്ചത് 35 മില്ലീമീറ്റർ മഴ. ഇക്കൊല്ലം ജൂലൈ ഒന്നു മുതൽ 19 വരെ പെയ്തത് 286 മില്ലിമീറ്റർ മഴ. അതേസമയം പ്രളയവർഷമായ 2018 ജൂലൈ മാസം ഇതേ കാലയളവിൽ പെയ്തത് 624 മില്ലീമീറ്റർ. ഇന്നും നാളെയും മഴ തുടരുമെന്നാണു കാലാവസ്ഥാ പ്രവചനം. കിഴക്കൻ മലയോര റൂട്ടുകളിൽ രാത്രി യാത്രക്കാർ ജാഗ്രത പാലിക്കണം.

വാഗമൺ റോഡിൽ മണ്ണിടിച്ചിൽ; ഗതാഗതം തടസപ്പെട്ടു

ഈരാറ്റുപേട്ട: മണ്ണിടിച്ചിലിനെത്തുടർന്ന് ഈരാറ്റുപേട്ട-വാഗമൺ റോഡിൽ കാരികാട് ടോപ്പിനു സമീപം ഗതാഗതം തടസപ്പെട്ടു. വെള്ളിയാഴ്ച പുലർച്ചെയാണ് കനത്ത മഴയെത്തുടർന്നു മണ്ണിടിച്ചിലുണ്ടായത്. റോഡിലേക്ക് ഉയരത്തിൽ മണ്ണ് വീണതിനെത്തുടർന്നു മണിക്കൂറുകളോളം ഗതാഗതം തടസപ്പെട്ടു. ജെസിബി ഉപയോഗിച്ച് മണ്ണ് മാറ്റിയതിനുശേഷമാണ് ഗതാഗതം പുനഃസ്ഥാപിച്ചത്. മഴയും കോടയും അനുഭവപ്പെടുന്ന ഇവിടെ യാത്രക്കാർ ഏറെനേരം കുടുങ്ങിക്കിടന്നു.

ഈരാറ്റുപേട്ട-പൂഞ്ഞാർ റോഡിൽ പനച്ചികപ്പാറയിൽ റോഡിനു കുറുകെ മരം വീണ് ഗതാഗതം മുടങ്ങി. ഈരാറ്റുപേട്ട ഫയർഫോഴ്സെത്തി മരം മുറിച്ചു നീക്കി ഗതാഗതം പുനഃസ്ഥാപിച്ചു.

പിഎസ്സി ഓഫീസ് മാർച്ചും ധർണയും ഇന്ന്

കോട്ടയം: പരീക്ഷാർഥികളെ കബളിപ്പിക്കുന്ന തരത്തിൽ ഭരണപക്ഷ വിഭാഗങ്ങൾക്കുവേണ്ടി റിസൾട്ട് പോലും അട്ടിമറിക്കുന്ന പിഎസ്സിയുടെ നിലപാടിൽ പ്രതിഷേധിച്ചു കേരളാ വിദ്യാർഥി കോൺഗ്രസ് എം സംസ്ഥാന കമ്മിറ്റിയുടെ ആഭ്യമുഖ്യത്തിൽ കോട്ടയം പിഎസ്സി ഓഫീസിലേക്ക് മാർച്ചും ധർണയും നടത്തും. ഇന്നു രാവിലെ 10നു ധർണ ഡോ.എൻ. ജയരാജ് എംഎൽഎ ഉദ്ഘാടനം ചെയ്യും.

കനത്തമഴയെത്തുടർന്ന് ജലനിരപ്പ് ഉയർന്ന മീനച്ചിലാറ്റിലൂടെ ഒഴുകിവരുന്ന തേങ്ങ മുളങ്കമ്പിൽ കെട്ടിയ ചെറിയ വല ഉപയോഗിച്ചു പിടിക്കുന്നവർ. ഭരണങ്ങാനം വട്ടോളിൽ കടവ് പാലത്തിൽനിന്നുള്ള ദൃശ്യം -ദീപിക.

കനത്തമഴയെത്തുടർന്ന് വാഗമൺ വഴിക്കടവ് ചെക്ക്ഡാം കവിഞ്ഞു വെള്ളം ഒഴുകുന്നു.

ആ അരുളിക്കയിൽ സ്ഥാപിച്ചത് പുണ്യവതിയുടെ കൈവിരൽ

പ്രത്യേകം അരുളിക്കയിൽ സമർപ്പിക്കപ്പെട്ട തിരുശേഷിപ്പ് അൽഫോൻസാമ്മയുടെ കൈവിരലിലെ അസ്ഥിയുടെ ഭാഗമായിരുന്നു. സഹനങ്ങളെ സമർപ്പണങ്ങളാക്കി മാറ്റി വേദനയുടെ കിടക്കയിൽ ക്രിസ്തുവിനു സമർപ്പിച്ച ആ കൂപ്പുകരങ്ങളിലെ ഒരു വിരൽ കഷ്ണംതന്നെ ആ പുണ്യനിമിഷത്തിലേക്ക് സമർപ്പിക്കാനായതും ദൈവകൃപ. വിശുദ്ധ പത്രോസിന്റെ ഭൗതികശരീരം അഴിഞ്ഞുചേർന്ന മണ്ണിൽ, ആഗോള കത്തോലിക്കാ സഭയുടെ ആസ്ഥാന ഭൂമികയിൽ വിശുദ്ധ അൽഫോൻസാമ്മയ്ക്കും ഇടം കിട്ടിയത് എത്രയോ ഭാഗ്യം. റോമിൽ വിശുദ്ധ പദവിയിലേക്കുള്ള പ്രഖ്യാപന തിരുകർമത്തിൽ തിരുശേഷിപ്പ് അൾത്താരയിൽ സമർപ്പിച്ച സിസ്റ്റർ സീലിയ ധന്യമായ ആ നിമിഷത്തെ സ്മരിക്കുകയാണ്.

2008 ഒക്ടോബർ 12 ഞായറാഴ്ചയായിരുന്നു ബനഡിക്ട് പതിനാറാമൻ മാർപാപ്പ അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ചത്. പതിനായിരങ്ങൾ സാക്ഷിയായ ആ മഹനീയ ദിനത്തിനു ഏതാനും ദിവസങ്ങൾക്കു മുമ്പേ റോമിൽ എഫ്സിസി പ്രതിനിധികൾക്ക് എത്തേണ്ടതുണ്ടായിരുന്നു. യാത്ര പുറപ്പെടുന്നതിന് ദിവസങ്ങൾ മാത്രം മുമ്പു പാലാ ബിഷപ്സ് ഹൗസിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടാണ് റോമിലേക്കുള്ള തിരുശേഷിപ്പ് ഒരു ചെറിയ ചെപ്പിൽ അന്നത്തെ എഫ്സിസി മദർ ജനറാളായിരുന്ന സിസ്റ്റർ സീലിയയെ ഏൽപ്പിച്ചത്. ഈ തിരുശേഷിപ്പ് അരുളിക്കയിൽ പ്രതിഷ്ഠിച്ച് സിസ്റ്റർ സീലിയ അൾത്താരയിൽ സമർപ്പിക്കണമെന്നു മാർ കല്ലറങ്ങാട്ട് നിർദേശിച്ചതോടെ തിടുക്കത്തിലാണ് ഇതിനുള്ള ക്രമീകരണങ്ങൾ ചെയ്തത്.

യാത്ര പുറപ്പെടുന്നതിന്റെ തലേദിവസം ആണ് തിരുശേഷിപ്പ് എറണാകുളത്തെ മാർ ലൂയിസ് പൂജാവസ്തു നിർമാണകേന്ദ്രത്തിൽ തയാറാക്കിയ പ്രത്യേക അരുളിക്കയിലാക്കിയത്. തിരുശേഷിപ്പുമായി റോമിലേക്കു പോയതും ഭക്ത്യാദരപൂർവം പ്രഖ്യാപന വേദിയിലെ പീഠത്തിൽ സ്ഥാപിച്ചതും അവിസ്മരണീയവും ഭാഗ്യപ്പെട്ടതുമായ നിമിഷമായി സിസ്റ്റർ സീലിയ കരുതുന്നു.

ഭരണങ്ങാനത്ത് നാളെ

5.15നു വിശുദ്ധ കുർബാന -ഫാ. മൈക്കിൾ ഔസേപ്പറമ്പിൽ
6.30നു വിശുദ്ധ കുർബാന -റവ.ഡോ. സൈലസ് വേലംപറമ്പിൽ
8.30നു വിശുദ്ധ കുർബാന -റവ.ഡോ. ഡൊമിനിക് വെച്ചൂർ
11നു വിശുദ്ധ കുർബാന -മാർ ജയിംസ് അത്തിക്കളം (സാഗർ ബിഷപ്)
2.30നു വിശുദ്ധ കുർബാന -ഫാ. വർഗീസ് കുളംപള്ളിൽ
നാലിനു റംശ -റവ.ഡോ. തോമസ് പാറയ്ക്കൽ
അഞ്ചിനു വിശുദ്ധ കുർബാന -പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന വൈദികർ
6.30നു ജപമാല, മെഴുകുതിരി പ്രദക്ഷിണം.

ലൂർദിയൻ ബാസ്കറ്റ് ബോൾ കിരീടം മാന്നാനം സെന്റ് എഫ്രേംസിന്

കോട്ടയം: 16-ാമത് ലൂർദിയൻ ബാസ്കറ്റ് ബോൾ ടൂർണമെന്റിന്റെ ആൺകുട്ടികളുടെ വിഭാഗം ഫൈനലിൽ മുട്ടം ഷന്താൾ ജ്യോതിയെ പരാജയപ്പെടുത്തി മാന്നാനം സെന്റ് എഫ്രേംസ് (74-61) ജേതാക്കളായി. സെന്റ് എഫ്രേംസിന്റെ ജെറോം പ്രിൻസ് (40 പോയിന്റ്) ഷന്താൾ ജ്യോതിയുടെ നോയൽ ജോസഫ് (15 പോയിന്റ്) എന്നിവർ ടോപ് സ്കോറർമാരായി. ടൂർണമെന്റിലെ മികച്ച കളിക്കാരനായി സെന്റ് എഫ്രേംസിന്റെ ജെറോം പ്രിൻസിനെയും ഭാവി വാഗ്ദാനമായി ഷന്താൾ ജ്യോതിയുടെ ആഷിക് നവാബിനെയും മികച്ച ഡിഫെൻസിവ് പ്ലെയറായി ഷന്താൾ ജ്യോതിയുടെ നോയൽ ജോസഫിനെയും തെരഞ്ഞെടുത്തു.

പെൺകുട്ടികളുടെ വിഭാഗം ഫൈനലിൽ കൊരട്ടി ലിറ്റിൽ ഫ്ളവറിനെ (53-47) പരാജയപ്പെടുത്തി കോട്ടയം മൗണ്ട് കാർമൽ ജേതാക്കളായി. മൗണ്ട് കാർമലിന്റെ ആൻ മേരി സക്കറിയ (31 പോയിന്റ്) ലിറ്റിൽ ഫ്ളവറിന്റെ അക്ഷയ ഫിലിപ്പ് (18 പോയിന്റ്) എന്നിവർ ടോപ് സ്കോറർമാരായി. പെൺകുട്ടികളുടെ വിഭാഗത്തിൽ മികച്ച കളിക്കാരിയായി കോട്ടയം മൗണ്ട് കാർമലിന്റെ ആൻ മേരി സക്കറിയായും ഭാവി വാഗ്ദാനമായി ലിറ്റിൽ ഫ്ളവറിന്റെ അക്ഷയ ഫിലിപ്പും മികച്ച ഡിഫെൻസിവ് പ്ലെയറായി ലിറ്റിൽ ഫ്ളവറിന്റെ ലക്ഷ്മി രാജും തെരഞ്ഞെടുക്കപ്പെട്ടു.

സബ്ജൂനിയർ വിഭാഗം ആൺകുട്ടികളുടെ മത്സരത്തിൽ പുതുപ്പള്ളി ഡോൺ ബോസ്കോയെ (31-09) പരാജയപ്പെടുത്തി കോട്ടയം ലൂർദ് ജേതാക്കളായി. ലൂർദിന്റെ പങ്കജ് അജയ് (12 പോയിന്റ്) ഡോൺ ബോസ്കോയുടെ ജോഹാൻ സാം (13 പോയിന്റ്) എന്നിവർ ടോപ് സ്കോറർമാരായി. വിജയികൾക്ക് ജില്ലാ കളക്ടർ പി.കെ.സുധീർ ബാബു സമ്മാനങ്ങൾ വിതരണം ചെയ്തു. സ്കൂൾ മാനേജർ റവ. ഡോ. ജോസഫ് മണക്കളം അധ്യക്ഷത വഹിച്ചു. സ്കൂൾ പ്രിൻസിപ്പൽ ഫാ. പയസ് പായിക്കാട്ടുമറ്റത്തിൽ, ടൂർണമെന്റ് കൺവീനർ മാത്യു കൊല്ലമലക്കരോട്ട് എന്നിവർ പ്രസംഗിച്ചു.

ലൂർദിയൻ ബാസ്കറ്റ്ബോൾ ടൂർണമെന്റിൽ ഇന്നലെ നടന്ന ആൺകുട്ടികളുടെ ഫൈനൽ മത്സരത്തിൽ മാന്നാനം സെന്റ് എഫ്രേംസും മുട്ടം ഷന്താൾ ജ്യോതിയും ഏറ്റുമുട്ടിയപ്പോൾ. മത്സരത്തിൽ മാന്നാനം സെന്റ് എഫ്രേംസ് വിജയിച്ചു. -സനൽ വേളൂർ

ബികെ കോളജിന് നാക് അക്രഡിറ്റേഷൻ

കോട്ടയം: അമലഗിരി ബികെ കോളജിന് നാക് അക്രഡിറ്റേഷൻ എ പ്ലസ് ഗ്രേഡ്. നാലാം സർക്കിളിൽ 3.41 സ്കോറോടെയാണു എ പ്ലസ് ഗ്രേഡ് ലഭിച്ചത്. ഈ വർഷത്തെ എൻഐആർഎഫ് റാങ്കിംഗിൽ രാജ്യത്തെ മികച്ച നൂറ്റമ്പത് കോളജുകളിലൊന്നായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 1965 ജൂലൈ മൂന്നിനു തുടക്കംകുറിച്ച വനിതാ കലാലയത്തിൽ ഒമ്പതു ബിരുദ കോഴ്സുകളും അഞ്ച് ബിരുദാനന്തര ബിരുദ കോഴ്സുകളും റിസർച്ച് സെന്ററുമുണ്ട്. യുജിസി അംഗീകാരമുള്ള എട്ട് ആഡ്-ഓൺ കോഴ്സുകളും 13 സർട്ടിഫിക്കറ്റ് കോഴ്സുകളും ബ്രിഡ്ജ് കോഴ്സുകളുമുണ്ട്.

യുജിസിയുടെയും നാഷണൽ സ്കിൽ ഡെവലപ്മെന്റ് കൗൺസിലിന്റെയും അംഗീകാരത്തോടെ ഹോൾട്ടി കൾച്ചർ ആൻഡ് നഴ്സറി മാനേജ്മെന്റ്, ഓർഗാനിക് ഫാമിംഗ് കോഴ്സുകൾ ബികെ കമ്മ്യൂണിറ്റി കോളജിലുണ്ട്. എംഎച്ച്ആർഡിയുടെ വിമൻ സെന്റർ, സംസ്ഥാന സർക്കാരിന്റെ സെന്റർ ഫോർ കൺട്രി ന്യൂയിംഗ് എഡ്യുക്കേഷൻ സബ് സെന്റർ എന്നിവ കോളജിന്റെ ഭാഗമാണ്. 11 ഡിപ്പാർട്ടുമെന്റുകളിലായി 60 അധ്യാപകരും 25 അനധ്യാപകരും കോളജിലുണ്ട്. എസ്എബിഎസ് സന്യാസിനി സമൂഹത്തിന്റെതാണു കോളജ്. പത്രസമ്മേളനത്തിൽ അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ലില്ലി റോസ്, പ്രിൻസിപ്പൽ ഡോ. ലീനാ മാത്യു, ഡോ. മിനി തോമസ്, ഡോ. ആഗസ് ജോസ്, സിസ്റ്റർ അജി ജോസഫ് എന്നിവർ പങ്കെടുത്തു.

ജില്ലയിലെ മെഡിസെപ് എംപാനൽഡ് ഹോസ്പിറ്റലുകൾ

ഹോളിഗോസ്റ്റ് മിഷൻ ഹോസ്പിറ്റൽ, മുട്ടുചിറ (ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോപീഡിക്സ്, പീഡിയാട്രിക് മെഡിക്കൽ മാനേജ്മെന്റ്, ഇഎൻടി, ഡർമറ്റോളജി, കാർഡിയോളജി, ന്യൂറോളജി, പോളി ട്രോമ, നെഫ്രോളജി, റൂമറ്റോളജി, ഗ്യാസ്ട്രോ എൻട്രോളജി, എൻഡോക്രൈനോളജി, പൾമണോളജി).

കടുത്തുരുത്തി കോഷ്പറേറ്റീവ് ഹോസ്പിറ്റൽ ലിമിറ്റഡ് (ജനറൽ മെഡിസിൻ, പീഡിയാട്രിക്സ് ആൻഡ് മെഡിക്കൽ മാനേജ്മെന്റ്, ഇഎൻടി, ഡർമറ്റോളജി, ജനിറ്റോ യൂറിനറി സർജറി, പോളിട്രോമ, റൂമറ്റോളജി, എൻഡോക്രൈനോളജി, മെന്റൽ ഹെൽത്ത്, ന്യൂറോളജി).

ലയൺസ് ചാരിറ്റബിൾ ട്രസ്റ്റ് ഐ ഹോസ്പിറ്റൽ, പൈക (ഒപ്താൽമോളജി)

മന്ദിരം ഹോസ്പിറ്റൽ, മാങ്ങാനം (ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓബ്ട്രിക്സ് ആൻഡ് ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ് മെഡിക്കൽ മാനേജ്മെന്റ്, ഇഎൻടി, ഡർമറ്റോളജി, ന്യൂറോളജി, ജനിറ്റോ യൂറിനറി സർജറി, പോളിക്രോമ, നെഫ്രോളജി, റൂമറ്റോളജി, ഗ്യാസ്ട്രോ എന്ററോളജി, എൻഡോക്രൈനോളജി, പ്ലാസ്റ്റിക് ആൻഡ് റീ കൺസ്ട്രക്റ്റീവ് സർജറി, ഒപ്താൽമോളജി, പൾമണോളജി, മെന്റൽ ഹെൽത്ത്, ഇന്റർവെൻഷണൽ റേഡിയോളജി, ബേൺസ് മാനേജ്മെന്റ്, യൂറോളജി)

കെവിൻ വധം: പ്രതിഭാഗം വാദം തുടങ്ങി

കോട്ടയം: കെവിനെയും ബന്ധു അനീഷിനെയും തട്ടിക്കൊണ്ടുപോയത് ഒന്നാംപ്രതിയും നീനുവിന്റെ സഹോദരനുമായ ഷാനു ചാക്കോയുടെ അറിവോടെയോ സമ്മതത്തോടെയോ അല്ലെന്നു പ്രതിഭാഗം കോടതിയിൽ. നീനുവിനെ കാണാനും കൂട്ടിക്കൊണ്ടുപോകാനുമാണ് ഷാനു എത്തിയത്. പോലീസിന്റെ രാത്രികാല പരിശോധനസംഘത്തിന്റെ പിടിയിലായതോടെ ഇതു നടന്നില്ല. കേസിൽ രണ്ടാമത്തെ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥൻ കെട്ടിച്ചമച്ചതാണ്. ആദ്യം നൽകിയ റിപ്പോർട്ടിൽ ഇല്ലാത്ത കാര്യങ്ങളാണ് രണ്ടാമത്തേതിൽ പറയുന്നതെന്നു പ്രതിഭാഗം കോടതിയിൽ പറഞ്ഞു.

സംഭവദിവസം പുലർച്ചെ 5.13നു മുൻ എഎസ്ഐ ബിജു, പ്രതി ഷാനു ചാക്കോയെ ഫോണിൽ വിളിച്ചു. ഈ സമയം ഷാനു പത്തനാപുരത്താണ്. ഇത് മറ്റു പ്രതികൾക്കൊപ്പമില്ലായിരുന്നു എന്നതിനു തെളിവാണ്. അനീഷിന്റെ വീട് ആക്രമിക്കുമ്പോൾ ഷാനു സംഘത്തിൽ ഉണ്ടായിരുന്നില്ലെന്നും പ്രതിഭാഗം കോടതിയിൽ പറഞ്ഞു. ആദ്യം ചുരുക്കിയാണ് രേഖപ്പെടുത്തിയതെന്നും അനീഷ് പരിഭ്രമിച്ചിരുന്നു എന്നുമുള്ള മുൻ എസ്ഐ എം. എസ്. ഷിബുവിന്റെ മൊഴിയും വിശ്വസനീയമല്ലെന്നും പ്രതിഭാഗം കോടതിയിൽ പറഞ്ഞു.

കെവിനെയും അനീഷിനെയും തട്ടിക്കൊണ്ടുപോകാനായി ഉപയോഗിച്ച ഐ 20 കാറിൽ പ്രതികൾ ഉള്ളതായി സിസിടിവി ദൃശ്യത്തിലില്ലെന്ന പ്രതിഭാഗത്തിന്റെ വാദം കോടതി തള്ളി.

ജോസഫ് വിഭാഗം യോഗം നാളെ

കോട്ടയം: കേരള കോൺഗ്രസ് -എം പി.ജെ. ജോസഫ് വിഭാഗം കോട്ടയം ജില്ലാ നേതൃയോഗം നാളെ ഉച്ചകഴിഞ്ഞ് 2.30നു കോട്ടയം കോടിമത റബർ ഭവനിൽ ചേരുമെന്നു പാർട്ടി നിയമസഭാകക്ഷി സെക്രട്ടറി മോൻസ് ജോസഫ് എംഎൽഎയും ജനറൽ സെക്രട്ടറി ജോയി എബ്രാഹാമും അറിയിച്ചു.

പാലാ ഉപതെരഞ്ഞെടുപ്പ്, കോട്ടയം ജില്ലാ പഞ്ചായത്തിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പ് എന്നിവയിൽ ചർച്ചയുണ്ടാകും. കോട്ടയം ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പാർട്ടി ചെയർമാൻ എന്ന നിലയിലെ അധികാരം ഉപയോഗിച്ചു ജോസഫ് വഴി കേരള കോൺഗ്രസ് -എം അംഗങ്ങൾക്കു വിപ്പ് നല്കാനാണു നീക്കമെന്നാണു സൂചന.

ഒസിഐ കാർഡ് പുതുക്കൽ: നിബന്ധനകളിൽ ഭേദഗതി വേണമെന്ന് തോമസ് ചാഴികാടൻ

ന്യൂഡൽഹി: വിദേശ രാജ്യങ്ങളിൽ ഉള്ള ഇന്ത്യക്കാർക്ക് ഇന്ത്യയിൽ കൂടുതൽ അവകാശങ്ങൾ ഉറപ്പിച്ചു നൽകുന്ന ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ കാർഡ് (ഒസിഐ കാർഡ്) പുതുക്കുമ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് തോമസ് ചാഴികാടൻ എംപി ലോക്സഭയിൽ ആവശ്യപ്പെട്ടു.

ലോക്സഭയിൽ ശൂന്യവേളയിൽ ഇന്നലെ ഈ വിഷയം ഉന്നയിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. നിലവിലുള്ള നടപടിക്രമങ്ങൾ അനുസരിച്ച് ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ കാർഡ് കൈവശമുള്ളവർക്ക് 50 വയസാകുമ്പോൾ ഇത് പുതുക്കുകയും ആവശ്യമായ രേഖകൾ എല്ലാം തന്നെ വീണ്ടും നൽകേണ്ടതായും വരും. ഇത് വളരെ ബുദ്ധിമുട്ടേറിയ നടപടിക്രമമാണ്. പ്രായമായവർവർക്ക് എല്ലാ രേഖകളും വീണ്ടും സമർപ്പിക്കേണ്ടിവരുന്നത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്നും തോമസ് ചാഴികാടൻ ചൂണ്ടിക്കാട്ടി. സർക്കാർ ഈ വിഷയത്തിൽ വേണ്ട ശ്രദ്ധ ചെലുത്തി നിബന്ധനകളിൽ വേണ്ട ഭേദഗതി വരുത്താൻ തയാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഒസിഐ കാർഡ് പുതുക്കുമ്പോൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് തോമസ് ചാഴികാടൻ എംപി കഴിഞ്ഞ ദിവസം കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി. മുരളീധരനെ നേരിൽക്കണ്ടു നിവേദനം നൽകിയിരുന്നു. പ്രശ്നം പരിശോധിച്ചു വേണ്ട പരിഹാര നടപടികൾ സ്വീകരിക്കാമെന്ന് മന്ത്രി ഉറപ്പു നൽകി.

സർക്കാർ സ്ഥാപനങ്ങളിൽ സോളാർ യുപിഎസ്

കോട്ടയം: സർക്കാർ സ്ഥാപനങ്ങളിൽ സോളാർ ഓൺലൈൻ യുപിഎസ് സ്ഥാപിക്കുന്നതിന് അനെർട്ട് നടപ്പാക്കുന്ന പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള തീയതി 25 വരെ ദീർഘിപ്പിച്ചു. അപേക്ഷ www.anter.gov.in എന്ന വെബ്സൈറ്റ് മുഖേന നൽകണം.